പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1017 7.2.2013 ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്കും ഭവനരഹിതർക്കും സഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.കെ. ബാലൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് നിലവിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതരരും ഭവനരഹിതരും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | എ) | വകുപ്പ് 2009-ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 26,562 പേർ ഭൂരഹിതരും, 20755 പേർ ഭവന രഹിതരുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| ബ 1) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗ ങ്ങൾക്ക് ഭൂമിയും വീടും ലഭിക്കുന്നതിന് 2011 –2012, 2012–2013 വർഷത്തെ ബജറ്റു കളിൽ എത്ര തുകയാണ് അനുവദിച്ചത് ; ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴി ച്ചുവെന്ന് അറിയിക്കുമോ ; | ബി) | 1. ഭൂരഹിതർക്ക് ഭൂമി പദ്ധതി |

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12<br>1) ശീർഷകം 2225-01-800-31(01) (പ്ലാൻ)<br>2) ശീർഷകം 2225-01-800-31(02) (പ്ലാൻ) ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായം | 6718<br>1432 | 6717.42<br>1432 |
| ആകെ | 8150 | 8149.42 |
| 2012-13<br>ശീർഷകം 2225-01-800-17(പ്ലാൻ) (2013 ജനുവരി 31 വരെയുള്ള ചെലവ്) | 16969 | 14456.9035 |

| | | |
|---|---|---|
| | | 2) <u>ഭവന നിർമ്മാണ പദ്ധതി</u><br>2011-12 വർഷം ഭവന നിർമ്മാണ ധന സഹായം 9,000 ലക്ഷം രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷം ഭവന നിർമ്മാണ ധനസഹായം 9,000 ലക്ഷം രൂപയും പലിശ രഹിത ഭവന നിർമ്മാണ വായ്പക്കായി 1,000 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 31.01.2012 വരെ 76,69,30,000 രൂപ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഭൂരഹിതരായ ഒരു പട്ടികജാതി കുടുംബത്തിന് എത്ര സെന്റ് ഭൂമിയാണ് സർക്കാർ അനുവദിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്രപേർക്ക് ഇപ്രകാരം ഭൂമി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ | സി) | ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1 1/2 സെന്റും വാങ്ങുന്നതിനാണ് അനുമതി നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2013 ജനുവരി 31 വരെ 14855 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1800 |
| കൊല്ലം | 1619 |
| പത്തനംതിട്ട | 655 |
| ആലപ്പുഴ | 543 |
| കോട്ടയം | 592 |
| ഇടുക്കി | 1012 |
| എറണാകുളം | 1303 |
| തൃശ്ശൂർ | 1575 |
| പാലക്കാട് | 2159 |
| മലപ്പുറം | 972 |
| കോഴിക്കോട് | 1185 |
| വയനാട് | 226 |
| കണ്ണൂർ | 542 |
| കാസർഗോഡ് | 672 |
| **ആകെ** | **14855** |

| | | |
|---|---|---|
| | | |
| ( ഡ1 ) ഈ പദ്ധതി പ്രകാരം സർക്കാർ ഭൂമി കണ്ടെത്തി നൽകുകയാണോ , ഭൂമി വാങ്ങാൻ തുക നൽകുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; തുക യാണ് നൽകുന്നതെങ്കിൽ ഈ തുക കൊണ്ട് ഭൂമി വാങ്ങിയെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോ ; | ഡി) | ഗുണഭോക്താക്കൾ ഭൂമി വാങ്ങുന്നതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം വസ്തു ഉടമയ്ക്ക് തുക നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ വാങ്ങുന്ന ഭൂമിയുടെ അസ്സൽ ആധാരം നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് 3 വർഷത്തേയ്ക്ക് ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ ആഫീസിൽ സൂക്ഷിക്കുന്നു. |
| (ഇ) ഇവർക്ക് വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് എത്ര തുകയാണ് അനുവദിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഇപ്രകാരം തുക നൽകിയിട്ടുണ്ട്; ജ ി ല്ല ത ിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈ തുക കൊണ്ട് വീട് നിർമ്മിക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോ ; വിശദമാക്കുമോ ? | ഇ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായി നിലവിൽ 2 ലക്ഷം രൂപ യാണ് നൽകുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 – 12 വർഷം 3500 പേർക്കും 2012 – 13 വർഷം 5000 പേർക്കും ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2012 – 13 വർഷം ധനസഹായം അനുവദിച്ചതിൽ 4990 പേർ ധനസഹായം കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 10 ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം വിതരണം നടത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8490 പേർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 925 |
| കൊല്ലം | 740 |
| പത്തനംതിട്ട | 450 |
| ആലപ്പുഴ | 410 |
| കോട്ടയം | 410 |
| ഇടുക്കി | 452 |
| എറണാകുളം | 715 |
| തൃശ്ശൂർ | 965 |

| | |
|---|---|
| പാലക്കാട് | 1204 |
| മലപ്പുറം | 809 |
| കോഴിക്കോട് | 620 |
| വയനാട് | 150 |
| കണ്ണൂർ | 320 |
| കാസർഗോഡ് | 320 |
| **ആകെ** | 8490 |

ഭവന നിർമ്മാണ ധനസഹായം 4 ഗഡുക്കളായി നൽകി വരുന്നു. തുകയുടെ ഒന്നാം ഗഡുവായി 15% തുകയായ 30,000/- രൂപയും . തുകയുടെ രണ്ടാം ഗഡുവായി 30% തുകയായ 60,000/- രൂപയും. തുകയുടെ മൂന്നാം ഗഡുവായി 40% തുകയായ 80,000/- രൂപയും , തുകയുടെ നാലാം ഗഡുവായി 15% തുകയായ 30,000/- രൂപയും നൽകി വരുന്നു. ഒന്നാം ഗഡു അഡ്വാൻസായിട്ടാണ് നൽകുന്നത്. വകുപ്പ് ടി പദ്ധതി വിശദമായി അവലോകനം നടത്തി വരുന്നു. നിർമ്മാണ പുരോഗതിയ്ക്കനുസൃതമായി അവശേഷിക്കുന്ന ഗഡുക്കൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം.

**സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക്.**

| ജില്ല | ഭൂരഹിതരുടെ എണ്ണം | ഭവനരഹിതരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 4434 | 2808 |
| കൊല്ലം | 7869 | 4271 |
| പത്തനംതിട്ട | 945 | 435 |
| ആലപ്പുഴ | 1009 | 1742 |
| കോട്ടയം | 310 | 474 |
| ഇടുക്കി | 1572 | 796 |
| എറണാകുളം | 4925 | 971 |
| തൃശ്ശൂർ | 1466 | 2019 |
| പാലക്കാട് | 243 | 2585 |
| മലപ്പുറം | 1126 | 1622 |
| കോഴിക്കോട് | 571 | 1286 |
| വയനാട് | 106 | 101 |
| കണ്ണൂർ | 553 | 925 |
| കാസർഗോഡ് | 1433 | 720 |
| **ആകെ** | **26562** | **20755** |

സെക്ഷൻ ഓഫീസർ